കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാര്യം — കൊച്ചി നഗരസഭ - ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ബി അനിൽകുമാറിന്റെ മുൻകാല സർവ്വീസിലെ ശമ്പളം സംരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1541/2016/തസ്വഭവ തീയതി ,തിരുവനന്തപുരം, 27/04/2016.

---

പരാമർശം :

1. 13/07/1987- ലെ ജി.ഒ.(എം.എസ്) നം.162/87/തസ്വഭവ.
2. 07/06/89 -ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ.
3. 12/09/2006 - ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ.
4. 30/06/2009 ലെ ജി.ഒ(സാധ) നം.1605/2009/തസ്വഭവ.
5. 02/03/2012 ലെ ജി.ഒ(സാധ) നം.644/2012/തസ്വഭവ.
6. നഗരകാര്യഡയറക്ടറുടെ 06/02/2016 തീയതിയിലെ ഇ 5-/1334/16 നം. കത്ത്.

## ഉത്തരവ്

സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് പരാമർശം (4), (5) പ്രകാരം ഉത്തരവായിരുന്നു.

കൊച്ചി നഗരസഭയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.ബി അനിൽകുമാർ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് 23/07/2003 മുതൽ ആരോഗ്യ വകുപ്പിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പി എസ് സി മുഖേന നിയമനം ലഭിച്ച് സേവനമനുഷ്ഠിക്കുകയും 31/12/2004 ൽ ആരോഗ്യ വകുപ്പിൽ നിന്നും റിലീവ് ചെയ്ത് 01/01/2015 മുതൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനമനുഷ്ഠിക്കുകയാണെന്നും ആയതിനാൽ ടിയാന്റെ 23/07/2003 മുതലുള്ള മുൻകാല സർവ്വീസ് സംരക്ഷിച്ച് കിട്ടുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷ നഗരകാര്യ ഡയറക്ടർ മുഖേന സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്ന 13/07/1987 ലെ സ.ഉ.(സാധ)നം. 162/87/തസ്വഭവ. ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യമുള്ളതിനാലും ശ്രീ.ബി അനിൽകുമാർ 1/01/2005 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചത് ടി ഉത്തരവുകൾ റദ്ദ് ചെയ്തുകൊണ്ടുള്ള 12/09/2006 ലെ സ.ഉ. (എം.എസ്) 211/06/തസ്വഭവ. ഉത്തരവിനും മദ്ധ്യേ ആയതിനാലും ടിയാന്റെ മുൻ സർക്കാർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് പരിഗണിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ.
ശ്രീ.ബി.അനിൽകുമാർ,ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,കൊച്ചി നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.